# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പുതിയ വ്യവസായനയം</u>

5471 ശ്രീ. വര്‍ക്കല കഹാര്‍
'' പി.എ. മാധവന്‍
'' റ്റി.എന്‍. പ്രതാപന്‍
'' ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായനയം രൂപീകരിക്കനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

വ്യാവസായിക ഇടനാഴി ആരംഭിക്കാൻ പദ്ധതി

5472 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ഇടനാഴി ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വ്യവസായ വണിജ്യ ഡയറക്ട്രേറ്റിന്റെ നേതൃത്വത്തില്‍ ചെറുകിട ഇടത്തരം സംരംഭങ്ങള്‍</u>

5473 ശ്രീ. എം. പി. വിന്‍സെന്റ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, എ. റ്റി. ജോര്‍ജ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ട്രേറ്റിന്റെ നേതൃത്വത്തില്‍ ചെറുകിട ഇടത്തരം സംരംഭങ്ങള്‍ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) സംരംഭങ്ങള്‍ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്‍കിയത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര സംരംഭങ്ങള്‍ ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ഇൻകെൽ - എജ്യൂസിറ്റിയുടെ പ്രവർത്തനങ്ങൾ

5474

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വ്യവസായ വളർച്ചാകേന്ദ്രത്തിലുള്ള ഇൻകെൽ - എജ്യൂസിറ്റിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) നാളിതുവരെ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും ഇനി പുതിയതായി സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇൻകെൽ - എജ്യൂസിറ്റിയുടെ വികസനത്തിനായി സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവര്‍ത്തനത്തിന് കര്‍മ്മപദ്ധതികള്‍</u>

5475 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്
,, അന്‍വര്‍ സാദത്ത്
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവര്‍ത്തനത്തിന് എന്തെല്ലാം കര്‍മ്മ പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പുതിയ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങള്‍ പ്രവര്‍ത്തനം തുടങ്ങുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) സംരംഭങ്ങള്‍ തുടങ്ങുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ബീഡി-സിഗാർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

5476 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബീഡി-സിഗാർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ, അതു പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ വ്യവസായങ്ങൾ വൈവിദ്ധ്യവത്ക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ വ്യവസായത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പൂർണ്ണതോതിൽ ലഭ്യമാണോ; ഇല്ലെങ്കിൽ, എവിടെനിന്നെല്ലാം അസംസ്കൃതവസ്തുക്കൾ സംസ്ഥാനത്തെത്തുന്നുണ്ട്; പ്രതിവർഷം എത്ര തുകയുടെ വസ്തുക്കൾ ഇത്തരത്തിൽ എത്തുന്നുണ്ട്;

(ഡി) ബീഡി-സിഗാർ മേഖലയിലെ പൊതു-സഹകരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ നടപടി</u>

5477 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
ഡോ. ടി.എം. തോമസ് ഐസക്
,, കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരം സ്ഥാപനങ്ങൾ ലാഭകരമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് സർക്കാർ എന്തെങ്കിലും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലായിട്ടുണ്ടോ; ഇതുമൂലം ഈ സ്ഥാപനങ്ങളെ നഷ്ടത്തിൽനിന്നും കരകയറാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**
<u>അതിവേഗ റെയിൽ</u>

5478 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

എൽ.എൻ.ജി. ഉപയോഗിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

5479 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, പി. സി. ജോർജ്ജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ എൽ.എൻ.ജി. എപ്രകാരമാണ് ലഭ്യമാക്കുന്നത്;

(ബി) ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജി. യുടെ അധിക വില സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുവോ; വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും കുറഞ്ഞ വിലക്ക് എൽ.എൻ.ജി ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>പുതുവൈപ്പ് എൽ.എൻ.ജി വാതകം പൈപ്പിടൽ പദ്ധതി</u>

5480 ശ്രീ. കെ. രാധാകൃഷ്ണൻ
,, എസ്. ശർമ്മ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുവൈപ്പ് എൽ.എൻ.ജിയിൽ നിന്നും വാതകം കൊണ്ടുപോകുന്നതിനുള്ള പൈപ്പിടൽ പദ്ധതിയിൽ ജനങ്ങൾക്കുണ്ടായ ആശങ്ക അകറ്റാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സ്റ്റാർട്ട് അപ് വില്ലേജ്</u>

5481 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുള്ള സ്റ്റാർട്ട് അപ് വില്ലേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കമോ;

(ബി) യുവസംരംഭകരെ സൃഷ്ടിക്കാൻ ഉതകുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സിംഗിള്‍ വിന്‍ഡോ ക്ലിയറന്‍സ് ആക്ട് പ്രകാരം ലഭ്യമാകുന്ന സൗകര്യങ്ങള്‍</u>

5482 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സിംഗിള്‍ വിന്‍ഡോ ക്ലിയറന്‍സ് ആക്ട് അനുസരിച്ച് വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെടുന്ന ഭൂമിയില്‍ സംരംഭകര്‍ക്ക് എന്തെല്ലാം സൗകര്യങ്ങള്‍ ലഭിക്കാന്‍ അവകാശമുണ്ട്;

(ബി) ഇത്തരം വ്യവസായ പ്രദേശങ്ങളില്‍ സംരംഭകര്‍ക്ക് ഏതെങ്കിലും നിയമത്തില്‍ ഇളവ് ലഭിക്കാന്‍ അര്‍ഹതയുണ്ടോ;

(സി) മേല്‍പറഞ്ഞ വ്യവസായ ഭൂമി, നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമത്തിന്റെ പരിധിയില്‍ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ;

(ഡി) കിന്‍ഫ്രയുടെ അധീനതയിലുള്ള രാമനാട്ടുകര വ്യവസായഭൂമി വികസിപ്പിക്കാന്‍ തടസ്സമായി നില്‍ക്കുന്ന കാര്യങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>യുവവ്യവസായ സംരംഭകർക്കായി ചെലവഴിച്ച തുക</u>

5483 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവവ്യവസായ സംരംഭകർക്കായി എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഇതിനകം എത്ര തുക ചെലവഴിച്ച് എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ആരൊക്കെയാണ് വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

റബ്ബർ ഇറക്കുമതി

5484 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ അനുമതിയോടെ 2011, 2012, 2013 വർഷങ്ങളിൽ വിദേശത്തു നിന്നും എത്ര ടൺ റബ്ബർ ഇറക്കുമതി ചെയ്തുവെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചുനിർത്താൻ പദ്ധതി</u>

5485 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത കയർ വ്യവസായം തമിഴ്നാട്ടിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചു നിർത്താൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) കയർ മേഖലയിലെ വ്യവസായികളെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കക്കവാരൽ തൊഴിലാളികളുടേയും സഹകരണ സംഘങ്ങളുടേയും പ്രതിസന്ധി</u>

5486 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കോട്ടയം ജില്ലകളിലെ കക്കവാരൽ തൊഴിലാളികളും 13 കക്കവ്യവസായ സഹകരണ സംഘങ്ങളും പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വ്യാവസായിക ആവശ്യങ്ങൾക്ക് ഇവർ നൽകിയിരുന്ന കക്കയ്ക്കു പകരം അന്യ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന ചുണ്ണാമ്പുകല്ലാണ് സിമന്റ് കമ്പനികളും, കെ. എം. എം. എൽ., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളും ഉപയോഗിക്കുന്നത് എന്നു ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിത പ്രശ്നമായി പരിഗണിച്ച് മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ്, കെ. എം. എം. എൽ, വാട്ടർ അതോറിറ്റി എന്നിവ കക്ക വാങ്ങുന്നതിനും ചുണ്ണാമ്പുകല്ലിന്റെ ഇറക്കുമതി കക്കയുടെ ലഭ്യതയേക്കാൾ കൂടുതലുള്ള ആവശ്യത്തിനു മാത്രമായി പരിമിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്</u>

5487 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്, ചാക്ക എന്ന സ്ഥാപനത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ഉല്പാദനം നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം 2012-13 സാമ്പത്തിക വർഷത്തിൽ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്ര രൂപ ലാഭമുണ്ട്; നഷ്ടത്തിലാണെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2008 മുതൽ ഇതുവരെ കമ്പനിയുടെ സഞ്ചിത നഷ്ടം എത്രയാണ്;

(ഡി) 2012-ൽ ഉദ്ഘാടനം ചെയ്ത മിസൈൽ ഇന്റഗ്രേഷൻ സെന്ററിൽ 2013 വർഷത്തിൽ എത്ര രൂപയുടെ ഉത്പാദനം നടന്നു; 2012 ജനുവരി മുതൽ 2012 ഡിസംബർ വരെയുള്ള മാസങ്ങളിൽ ഓരോ മാസവും നടന്ന ഉത്പാദനമെത്രയാണ് എന്ന് വിശദമാക്കാമോ;

(ഇ) കമ്പനിയിലെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ എങ്ങനെയെന്ന് വെളിപ്പെടുത്താമോ; റിക്രൂട്ട്മെന്റിൽ സംവരണം പാലിക്കുന്നുണ്ടോ;

(എഫ്) ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഡയറക്ടർ ബോർഡ് കൈക്കൊണ്ടിട്ടുണ്ടോ: എങ്കിൽ എപ്പോൾ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കൊച്ചി ബി. പി. സി.എൽ കമ്പനിയിലെ</u>
<u>വികസന പദ്ധതികൾ</u>

5488 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി ബി. പി. സി.എൽ കമ്പനിയിൽ നടപ്പാക്കി വരുന്ന വികസന പദ്ധതിക്കായി എന്തെല്ലാം ഇളവുകളാണ് നല്കിയിട്ടുള്ളത്;

(ബി) ഇളവുകൾ നല്കിയിട്ടുണ്ടെങ്കിൽ അത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വികസന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>അലിന്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി</u>

5489 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലൂമിനിയം ഇൻഡസ്ട്രീസ് (അലിന്റ്) എന്ന കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) കമ്പനി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>തിരുവല്ല പരുമലയിലെ സ്ട്രോ ബോർഡ് ഫാക്ടറിയുടെ നവീകരണം</u>

5490 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പരുമലയിൽ പ്രവർത്തിക്കുന്ന സ്ട്രോ ബോർഡ് ഫാക്ടറിയുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച നവീകരണ പരിപാടികൾ എന്തൊക്കെയായിരുന്നു; അവ ഉപേക്ഷിച്ചുവോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ട്രാവൻകൂർ ടൈറ്റാനിയത്തിലെ ട്രെയിനിംഗ് ക്ലാസ്സുകൾ</u>

5491 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര ട്രെയിനിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്;

(ബി) ട്രെയിനിംഗ് ക്ലാസ്സുകൾ കൈകാര്യം ചെയ്തിട്ടുള്ള ഫാക്കൽറ്റികളുടെ പേരും യോഗ്യതയും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഫാക്കൽറ്റികൾക്ക് ഫീസ് നൽകിയ ഇനത്തിൽ എത്ര രൂപ ചിലവായിട്ടുണ്ട്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അങ്കമാലി വ്യവസായമേഖലയിലെ റോഡുകളുടെ പുനരുദ്ധാരണം</u>

5492 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വ്യവസായമേഖലയിലെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് നിരവധി തവണ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും പ്രസ്തുത റോഡ് പുനരുദ്ധരിക്കാത്തതിനു കാരണം വിശദമാക്കാമോ;

(ബി) ഈ റോഡ് എന്ന് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭവിഹിതമായി സർക്കാരിനു നൽകിയ തുക</u>

5493

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2012-13 സാമ്പത്തിക വർഷത്തിൽ ലാഭവിഹിതമായി സർക്കാരിനു നൽകിയ തുക എത്ര വീതമാണെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ
ലാഭനഷ്ടകണക്ക്</u>

5494 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പൊതുമേഖല വ്യസവസായ സ്ഥാപനത്തിലും ഉണ്ടായ ലാഭനഷ്ട കണക്കുകൾ വിശദമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡയറക്ടർമാർ</u>

5495 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിലെ ഡയറക്ടർമാർ, 2012 -13 സാമ്പത്തിക വർഷത്തിൽ ശമ്പളം, റ്റി. എ., ഡി. എ., മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക സംബന്ധിച്ച് സ്ഥാപനം, ഡയറക്ടറുടെ പേര്, വിവിധ ഇനങ്ങളിൽ കൈപ്പറ്റിയ തുക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിലെ നിയമനം</u>

5496 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് , നിയമിച്ചവരുടെ എണ്ണം, പേര്, മേൽവിലാസം, യോഗ്യത, നിയമിക്കപ്പെട്ടതിന്റെ മാനദണ്ഡം, പ്രസ്തുത വ്യക്തികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നീ വിശദാംശങ്ങൾ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

5497 ശ്രീ. എം. എ. വാഹീദ്
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വ്യവസായ ഉച്ചകോടിയിൽ വന്ന പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടി</u>

5498 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനു കീഴിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കയാണെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ</u>
<u>2012 –13 വര്‍ഷത്തെ ലാഭ-നഷ്ട കണക്ക്</u>

5499 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങള്‍ 2012 –13 സാമ്പത്തിക വര്‍ഷത്തില്‍ നേടിയ ലാഭം, നഷ്ടം എന്നിവ സംബന്ധിച്ച വിശദവിവരങ്ങള്‍ സ്ഥാപനാടിസ്ഥാനത്തില്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത എണ്ണയാട്ടുതൊഴിലാളികളുടെ ക്ഷേമത്തിനായി നടപടി</u>

5500 ശ്രീ. എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗത വ്യവസായ തൊഴിലാളികള്‍ക്ക് നല്‍കുന്ന പരിഗണനയും ആനുകൂല്യങ്ങളും പരമ്പരാഗത എണ്ണ യാട്ടു തൊഴിലാളികള്‍ക്കും നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പരമ്പരാഗത എണ്ണയാട്ടുതൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നു ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

കേരള സോപ്സ് ഇൻഡസ്ട്രിയൽ ഫെഡറേഷന്റെ പ്രവർത്തനം

5501 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിന്റെയും കേരള സോപ്സ് ആന്റ് ഓയിൽസിന്റെയും സംയുക്താഭിമുഖ്യത്തിൽ വ്യവസായ വകുപ്പ് രൂപീകരിച്ച കോഴിക്കോട് ആസ്ഥാനമായുള്ള കേരള സോപ്സ് ഇൻഡസ്ട്രീയൽ ഫെഡറേഷന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) ഫെഡറേഷന്റെ അംഗസംഘങ്ങളായ ചാരിറ്റബിൾ സൊസൈറ്റികൾവഴി ഇപ്പോൾ സോപ്പ് നിർമ്മാണം നടക്കുന്നുണ്ടോ ;

(സി) ഫെഡറേഷന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇതിന്റെ ആസ്തി-ബാധ്യതകൾ സംബന്ധിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ.എസ്.ഐ.ഡി.സി.യുടെ പ്രൊമോഷൻ പോളിസി

5502 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ 2009-ൽ നിലവിൽ വന്ന പ്രൊമോഷൻ പോളിസിയിൽ, നിയമനത്തിന് അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ്സ്, എന്നിവ സംബന്ധിച്ച വ്യവസ്ഥയും എക്സിക്യൂട്ടീവ് ഡയറക്ടർ, ജനറൽ മാനേജർ തസ്തികകൾക്ക് അപേക്ഷ ക്ഷണിച്ച് പരസ്യം നൽകിയിരിക്കുന്നതും തമ്മിൽ വലിയ അന്തരം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രൊമോഷൻ പോളിസിയിൽ, നിശ്ചിത യോഗ്യതകളുള്ള ജീവനക്കാർ ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനം നടത്താവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെങ്കിലും നിശ്ചിത യോഗ്യതകളും പ്രവൃത്തി പരിചയവും ആവശ്യത്തിലധികമുള്ള ജീവക്കാർ കെ.എസ്.ഐ.ഡി.സി.യിൽ ഉള്ളപ്പോൾ തന്നെ നേരിട്ടുള്ള നിയമനത്തിന് നോട്ടിഫിക്കേഷൻ നടത്തുന്നത് നിയമലംഘനമല്ലേ ;

(സി) ഇപ്രകാരം നോട്ടിഫിക്കേഷൻ നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ സർക്കാർ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഇ.എസ്.എ ആയി പ്രഖ്യാപിച്ച വില്ലേജുകളിലെ ഖനന നിരോധനം

5503 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിൽ ഇ.എസ്.എ ആയി പ്രഖ്യാപിച്ച വില്ലേജുകളിലെ എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിർത്തിവെക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ;

(ബി) ഇ.എസ്.എ ആയി പ്രഖ്യാപിക്കപ്പെട്ട വില്ലേജുകളിൽ ഖനന പ്രവർത്തനം നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ക്വാറികൾ പ്രവർത്തിപ്പിക്കാൻ പാരിസ്ഥിതികാനുമതി

5504 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ആവശ്യമുണ്ടോ; ഈ അനുമതിയ്ക്കായി പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാരിസ്ഥിതികാനുമതി ലഭിച്ച എത്ര ക്വാറികൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അനുവദനീയമായ അളവിലും സ്ഥലത്തിലും കൂടുതൽ ക്വാറികൾ ഖനനം നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്വാറികൾക്കെതിരെ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) ക്വാറികളുടെ പ്രവർത്തനം മൂലം പരിസ്ഥിതിയ്ക്കോ മനുഷ്യരുടെ ജീവനോ സ്വത്തിനോ നാശംസംഭവിച്ചാൽ തുടർന്ന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ക്വാറികളുടെ നിയമലംഘനങ്ങൾക്കെതിരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ക്വാറികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരം ക്വാറികളിൽ നിന്നും പ്രതിവർഷം സംസ്ഥാനത്തിന് ലഭിക്കുന്ന ശരാശരി റോയൽറ്റി എത്രയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ ക്വാറികൾ

5505 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഇപ്പോൾ എത്ര ക്വാറികളാണ് പ്രവർത്തിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ ക്വാറികളിൽ നിന്നും കൊണ്ടു പോകുന്ന കല്ല്, മെറ്റൽ, എം. സാന്റ് എന്നിവയുടെ ഗുണനിലവാരം ഏതെങ്കിലും ഏജൻസി പരിശോധിക്കാറുണ്ടോ; ഇതിനു വേണ്ടി പ്രത്യേകം ക്വാളിറ്റി നിയന്ത്രണ വിഭാഗമുണ്ടോ;

(സി) ക്വാറികളിൽ നിന്നും കൊണ്ടു പോകുന്ന സാധനങ്ങൾക്ക് സർക്കാർ വില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സർക്കാർ നിശ്ചയിച്ച വിലനിലവാരം ക്വാറികളിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(ഇ) അമിത വില ഈടാക്കുന്നതായ പരാതി എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സർക്കാർ/സഹകരണ ടെക്സ്റ്റൈൽ മില്ലുകളിലെ പ്രതിസന്ധി - സഹായ നടപടി</u>

5506 ശ്രീ. ഇ. പി. ജയരാജൻ
'' എ. കെ. ബാലൻ
'' സി. കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ടെക്സ്റ്റൈൽ മില്ലുകളും സഹകരണ ടെക്സ്റ്റൈൽ മില്ലുകളും നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ഈ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായം നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ഞിയുടെ വിലവർദ്ധനമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്ഥാപനം ലാഭത്തിലാക്കുന്നതിന്റെ ഭാഗമായി വിവിധ തൊഴിലാളി സംഘടനകൾ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജിൽ നിന്നും ടെക്സ്റ്റൈൽ മില്ലുകളെ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം കൈത്തറി സംഘങ്ങൾക്ക് അനുവദിച്ച സഹായം</u>

5507 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും കേന്ദ്രടെക്സ്റ്റൈൽ മന്ത്രാലയം ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2010 വരെ കുടിശ്ശിക വരുത്തിയവർക്ക് ലഭ്യമാക്കിയിട്ടുള്ള സഹായം 31.03.2010 ന് ശേഷം കുടിശ്ശികയായവർക്കും ബാധകമാക്കുന്നതിന് കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് കല്ല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ഹാൻടെക്സിന്റെ ഷോറൂമുകൾ

5508 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഹാൻടെക്സിന്റെ എത്ര ഷോറൂമുകൾ നിലവിലുണ്ടായിരുന്നെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഹാൻടെക്സിന്റെ എത്ര ഷോറൂമുകൾ ഇതിനകം അടച്ചുപൂട്ടിയിട്ടുണ്ടെന്നും എത്ര ഷോറൂമുകൾ അടച്ചുപൂട്ടാൻ തീരുമാനമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഷോറൂമുകൾ അടച്ചുപൂട്ടാനുള്ള കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പരവൂരിൽ ഹാൻഡ് ലൂം വില്ലേജ്</u>

5509 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയുടെ പരിധിയിലുളള വിനായകർ നെയ്ത്ത് വ്യവസായ സഹകരണ സംഘം വക ഭൂമി 'ഹാൻഡ് ലൂം വില്ലേജ്' സ്ഥാപിക്കുന്ന ആവശ്യത്തിലേയ്ക്കായി നൽകാമെന്ന് കാണിച്ചും, പ്രസ്തുത പദ്ധതി സംഘം വക ഭൂമിയിൽ ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുമുളള നിവേദനം സർക്കാരിന് ലഭിച്ചിരുന്നുവോ;

(ബി) കൈത്തറി വേലയും, ടൂറിസം സാദ്ധ്യതയും ഏറെയുളളതും റെയിൽ റോഡ് ഗതാഗതം മെച്ചപ്പെട്ടതുമായ ഈ പ്രദേശത്ത് 'ഹാൻഡ് ലൂം വില്ലേജ്' സ്ഥാപിക്കുന്ന കാര്യം അനുഭാവ പൂർവ്വം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

## കാസറഗോഡ് മൈലാട്ടിയിലെ
## കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്ഥലം

5510 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ അധീനതയിലുള്ള എത്ര ഏക്കർ സ്ഥലമാണ് കിൻഫ്രായ്ക്ക് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തി എന്ന് നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് ഇതുവരെയുള്ള നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സ്വതന്ത്ര സോഫ്റ്റ് വെയർ സെന്റർ</u>

5511 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചരിപ്പിക്കാനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനായി സർക്കാരിന്റെ കീഴിൽ സ്വതന്ത്ര സോഫ്റ്റ്വെയർ സെന്റർ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) സ്വതന്ത്ര സോഫ്റ്റ് വെയർ പ്രചരിപ്പിക്കാൻ സർക്കാർ ചെയ്യേണ്ട കൂടുതൽ കാര്യങ്ങളെകുറിച്ച് അടിയന്തിര റിപ്പോർട്ട് സമർപ്പിക്കാൻ സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് സംവിധാനം</u>

5512 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് സംവിധാനം സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലേതു പോലെ, വികാസ് ഭവനിലും പബ്ളിക് ഓഫീസിലും പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിൽ കെ.എസ്.ഡബ്ള്യൂ.എ.എൻ.ഡബ്ള്യൂ. പ്രവർത്തനസജ്ജമാക്കിയും യുട്യൂബ്, ഫേസ്ബുക്ക് തുടങ്ങിയവ ഒഴിവാക്കിയും നെറ്റ് കണക്ഷൻ ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഐ. ടി. മേഖലയുടെ വ്യാപനത്തിനായി ഐ. ടി. ഹബ്ബുകൾ

5513 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. മേഖലയുടെ വികസനം പ്രധാന നഗരങ്ങളിലുള്ള ടെക്നോപാർക്കുകളെ കേന്ദ്രീകരിച്ചുമാത്രം പരിമിതപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഐ. ടി. മേഖലയുടെ സംസ്ഥാന വ്യാപനത്തിനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഐ. ടി. ഹബ്ബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ഐ. റ്റി. കമ്പനികളുടെ പ്രവര്‍ത്തനം

5514 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷം സംസ്ഥാനത്തിന്റെ ഐ. റ്റി. ഉല്പന്ന കയറ്റുമതി എത്ര രൂപയായിരുന്നു; ആയത് 2013-14 നടപ്പുവര്‍ഷം എത്ര കണ്ട് വര്‍ദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവില്‍ എത്ര ഐ. റ്റി. കമ്പനികള്‍ പ്രവര്‍ത്തിക്കുന്നു; ഇതിലൂടെ എത്ര പേര്‍ നേരിട്ടും അല്ലാതെയും തൊഴിലെടുക്കുന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വര്‍ഷം ഐ. റ്റി, ഐ. റ്റി. അനുബന്ധ മേഖലകളില്‍ സ്റ്റാര്‍ട്ട്-അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപയായിരുന്നു; ഇതിലൂടെ എത്ര ഐ. റ്റി. പ്രൊഫഷണലുകള്‍ക്ക് തൊഴില്‍ ലഭിച്ചു; ആയത് 2013-14 നടപ്പുവര്‍ഷം എത്ര കണ്ട് വര്‍ദ്ധിപ്പിക്കാനാണ് സര്‍ക്കാര്‍ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വന്‍കിട ഐ. റ്റി. കമ്പനികളെ സംസ്ഥാനത്തിലേക്ക് ആകര്‍ഷിക്കാന്‍ ഈ സര്‍ക്കാര്‍ എന്തു നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>കോതമംഗലത്ത് ഐ. ടി പാർക്ക്</u>

5515 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ഒരു ഐ.ടി പാർക്ക് പുതിയതായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ. ടി. ടൂറിസം മേഖലകൾക്ക് വലിയ പ്രാധാന്യമുളള ഇത്തരം പ്രദേശങ്ങളിൽ പുതിയ ഐ. ടി പാർക്കുകൾ അനുവദിക്കുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ</u>

5516 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഒരേ സമയത്ത് ഒന്നിൽ കൂടുതൽ അക്ഷയകേന്ദ്രങ്ങൾക്കായുള്ള അപേക്ഷകർ ഉണ്ടെങ്കിൽ എങ്ങനെയാണ് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നത്;

(സി) നാട്ടിക മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) അക്ഷയകേന്ദ്രങ്ങൾ വഴി ജനങ്ങൾക്കു ലഭിക്കുന്ന പ്രധാന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള സേവനങ്ങൾ</u>

5517 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അക്ഷയ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; അവ ഏതെല്ലാം;

(ബി) അക്ഷയ കേന്ദ്രം വഴി ഇപ്പോൾ എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകി വരുന്നത്; ഓരോ സേവനത്തിനും പൊതുജനങ്ങളിൽ നിന്ന് എത്ര രൂപ വീതമാണ് അക്ഷയ കേന്ദ്രം നടത്തിപ്പുകാർ വാങ്ങേണ്ടതെന്ന് സേവനങ്ങളുടെ ഇനം തിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ കൂടുതൽ തുക കമ്മീഷനായി അക്ഷയ സെന്ററുകളിൽ വാങ്ങുന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ കൂടുതൽ തുക കമ്മീഷനായി വാങ്ങുന്ന സെന്റർ നടത്തിപ്പുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) അക്ഷയ സെന്ററുകളിലൂടെ ഇനിയും ഏതെങ്കിലും സേവനങ്ങൾ പുതുതായി ജനങ്ങൾക്ക് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) കൂടുതൽ അക്ഷയ സെന്ററുകളും, ഇന്റർനെറ്റ് കിയോസ്കുകളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ നൽകുന്ന സേവനം</u>

T.5518 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത സേവനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് എത്രയാണ്;

(ബി) എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് ഒരേ ഫീസ് നിരക്ക് ഏർപ്പെടുത്തുമോ;

(സി) ഗ്രാമപഞ്ചായത്ത് നൽകുന്ന, ഫീസടയ്ക്കാതെ ഡൗൺലോഡ് ചെയ്തെടുക്കാൻ കഴിയുന്ന സർട്ടിഫിക്കറ്റുകൾ ഏതൊക്കെയാണ്;

(ഡി) ഫീസടച്ച് ഡൗൺലോഡ് ചെയ്തെടുക്കാവുന്ന സർട്ടിഫിക്കറ്റുകൾ ഏതൊക്കെയാണെന്നും അവയ്ക്കുള്ള ഫീസ് എത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷൻ</u>

5519

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ ആധാർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) ഇനി എത്ര പേർ ആധാർ രജിസ്ട്രേഷൻ നടത്താൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്താമോ?